# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 17

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും  പള്ളിക്കൈക്കാരും  ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,
കോവിഡ് മഹാമാരി രണ്ടാം തരംഗം ലോകമെമ്പാടും തീവ്രമായിരിക്കുകയാണല്ലോ. ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നു. അനിയന്ത്രിതമായി വർദ്ധിക്കുന്ന രോഗികളുടെ എണ്ണവും മരണസംഖ്യയും എല്ലാവരെയും ആകുലചിത്തരാക്കിയിരിക്കുകയാണ്. ആശുപത്രി കിടക്കകളുടെ ലഭ്യതക്കുറവും പ്രാണവായുവിനു വേണ്ടിയുള്ള രോദനവും എവിടെയും ദൃശ്യമാണ്. 16–ാം നമ്പർ സർക്കുലർ കല്പന മുഖേന  സഭയായും ഭദ്രാസനമായും ഇടവകയായും നാം ചെയ്യേണ്ട ഉത്തരവാദിത്തങ്ങളെപ്പറ്റി ഉദ്ബോധിപ്പിച്ചിരുന്നല്ലോ. ഇതിന്റെ തുടർച്ചയായി നമ്മുടെ സഭയിലെ എല്ലാ ഇടവകകളും അടിയന്തിര ചികിത്സാസഹായകേന്ദ്രങ്ങളാക്കുന്നതിന് ഇടവക വികാരിയുടെ നേതൃത്വത്തിൽ ഇടവക ചുമതലക്കാരുടെയും കൈസ്ഥാനസമിതിയുടെയും ആലോചനയോടുകൂടെ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

ഇടവകയിലെ യുവജനസഖ്യാംഗങ്ങളുടെ നേതൃത്വത്തിൽ കോവിഡ് രോഗികളെ സഹായിക്കുന്നതിനായി ഒരു സന്നദ്ധസംഘം രൂപീകരിക്കുകയും ഇടവകയിലും ഇടവകാതിർത്തിയിലുമുള്ള കോവിഡ് രോഗികളുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും ലിസ്റ്റ് തയ്യാറാക്കി ഇടവക വികാരിയെ ഏല്പിക്കുകയും അതനുസരിച്ച് ആവശ്യമുള്ളവർക്ക്  വൈദ്യസഹായം, ഭക്ഷണം എന്നിവ എത്തിക്കുകയും ചെയ്യേണ്ടതാണ്. കോവിഡുമൂലം നിര്യാതരാകുന്നവരുടെ ശവസംസ്കാരം നടത്തുന്നതിനു ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഈ സംഘം പ്രവർത്തിക്കണം. ഏകാന്തതയിലും വാർദ്ധക്യത്തിലും കഴിയുന്ന രോഗികളുടെ പരിചരണവും സന്നദ്ധ പ്രവർത്തകർ ഏറ്റെടുത്ത് നടത്തുന്നത് ഉചിതമായിരിക്കും. മാർത്തോമ്മാ യുവജന സഖ്യം കേന്ദ്ര ചുമതലക്കാർ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. യുവജനസഖ്യത്തിന്റെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘത്തിൽ ആരോഗ്യപരിചരണത്തിൽ പരിശീലനം സിദ്ധിച്ചവരെയും ഉൾപ്പെടുത്തണം.

ആംബുലൻസ് സഹായം ആവശ്യമുള്ളയിടങ്ങളിൽ ആയതിന് സഭയുടെ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും അധികൃതരുമായി ബന്ധപ്പെട്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ഓരോ ഇടവകയിലേക്കും ആവശ്യമായ മെഡിക്കൽ കിറ്റ് *(സാനിറ്റൈസർ, മാസ്ക്, തെർമ്മോമീറ്റർ, ഓക്സിമീറ്റർ, പി.പി.ഇ.കിറ്റ് ആദിയായവ)* ലഭ്യമാക്കേണ്ടതാണ്. സാമ്പത്തിക ഭദ്രതയുള്ള ഇടവകകളും വ്യക്തികളും ഈ ആവശ്യത്തിലേക്കും സാമ്പത്തിക ബുദ്ധിമുട്ടുള്ള സമീപ ഇടവകകളുടെ ആവശ്യത്തിലേക്കും ഈ മഹാവ്യാധിയുടെ കാലത്ത് സഹായിക്കുന്നത് ഓരോരുത്തരുടെയും ഇടവകയുടെയും ഉത്തരവാദിത്തമായി കരുതി പ്രവർത്തിക്കണം. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലുള്ള ഇടവകകൾക്ക് ഭദ്രാസന എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ അതത് ഭദ്രാസനങ്ങൾ മെഡിക്കൽ കിറ്റ് സൗജന്യമായി നൽകേണ്ടതാണ്.

ഓരോ ഭദ്രാസനത്തിലുമുള്ള സന്നദ്ധ പ്രവർത്തകർക്ക് അടിയന്തിര ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് വിദഗ്ധ ഡോക്ടറന്മാർ ഉൾപ്പെടുന്ന ഹെൽപ് ലൈൻ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്. ഈ വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ഭദ്രാസനത്തിനുള്ളിലെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടത്.

പ്രിയരെ, അന്താരാഷ്ട്ര നേഴ്സസ് ദിനമായ ഇന്ന്, കോവിഡ് രോഗ നിവാരണത്തിനു വേണ്ടി അഹോരാത്രം സേവന സന്നദ്ധരായി ശുശ്രൂഷ നിർവ്വഹിക്കുന്ന നേഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെയും മറ്റ് അനുബന്ധ പ്രവർത്തകരുടെയും സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

*‘‘… കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.’’ (സങ്കീർത്തനം 91:15).*

ദൈവീകമായ ഈ ഉറപ്പിൽ വിശ്വസിച്ച് അത്യന്തം പ്രയാസകരമായ ഈ സാഹചര്യത്തെ അതിജീവിക്കുന്നതിന് ദൈവം നമ്മെ ബലപ്പെടുത്തട്ടെ.

*കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,*

*എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 മേയ് 12–ാം തീയതി,*

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No.17**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

Dearly Beloved in Christ,

The whole world is under the grip of the second wave of Covid-19 pandemic. India still continues to reel under an increasing wave and most of the states have opted for official lockdowns to arrest this surge. Disturbing reports about the increase in number of cases and people dying are coming from all over the country. The entire country witnesses the sad plight of the shortage of hospital beds and lack of oxygen facilities .The Circular Number 16 has given detailed guidelines of our individual and collective responsibilities in this situation. Under the leadership of the Vicar, Office bearers and Executive committee our parishes should co-ordinate the necessary activities to set up Covid care centers in the local level.

A volunteer squad comprising of our Yuvajana Sakhyam members should be constituted to provide timely help and facilities to the suffering people. To ensure all possible assistance like medical care and food to the needy, these volunteers should identify and prepare a list of the affected people and those in quarantine and hand it over to the Vicar. These volunteers should also provide necessary assistance in funeral / cremation of those who have succumbed to Covid -19. The Yuvajana Sakhyam members of our parishes should take the responsibility of giving all possible help to the senior citizens who are sick and lonely. They should incorporate the services of the medically trained professionals in this activity. To ensure the proper ambulance services for the people in need they should co-ordinate the services of our hospitals and other institutions, in consultation with the concerned authorities.

The parishes should provide the essential medical kits comprising of sanitizer, masks, thermometer, oximeter, PPE kit for distribution to the needy. The financially stable individuals and parishes should consider it as their duty and responsibility to help the deserving people and parishes in this time of pandemic. Medical kits should be provided to the financially back ward parishes under the leadership of the Diocesan Episcopa.

A steering committee comprising of trained doctors should be constituted under the leadership of the Diocesan Episcopas to give timely help and guidelines to these volunteers in emergency situations.

Dearly beloved, today is International Nurses day, and we remember with gratitude and salute the efforts rendered by the nurses and other health professionals in the battle against this pandemic.

“He shall call upon Me, and I will answer him; I will be with him in trouble; I will deliver him and honor him” (Psalms 91:15).

The Lord promises to help those who trust him in times of trouble and let this divine promise help us to overcome the present dire situation.

May the Grace of the Lord Jesus Christ be with you all.

Dated 12th May 2021 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**